## പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5498 24.05.2017 -ലെ മറുപടി**

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.ബി. അബ്ദുൾ റസ്സാക്ക്<br>ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ)സംസ്ഥാനം ഉൾപ്പെട്ടിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ പുതുക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) നദീജലം പങ്കു വയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ് നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29/05/1970 ൽ കേരളവും തമിഴ് നാടും 09/11/1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പു വച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19/08/1973 ൽ ഒപ്പു വച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29ന് തിരുവിതാംകൂർ മഹാരാജാവും , സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണ് അവ. കൂടാതെ 1886 ലെ കരാറിന്റെ അനുബന്ധമായി 1970 ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകളും നിലവിലുണ്ട്.<br>പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.<br>ഇത് അനുസരിച്ച് പി.എ.പി കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. |

ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988 – 2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകികൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 29/04/2017 -ലെ കത്തു പ്രകാരം ബഹു. തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ മുൻ നിലപാടുകളിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ നയത്തിൽ വ്യതിയാനമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

ബി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം ചോദ്യം എ യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പുനർ നിർമ്മാണ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന തന്നെയാണ് സർക്കാരിന്റെ നിലപാട്.

സെക്ഷൻ ഓഫീസർ